പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 853. 28.02.2018 ൽ മറുപടിയ്ക്ക്

## മദ്യത്തിന്റെ ഉപഭോഗത്തിലുണ്ടായ വർദ്ധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ മദ്യനയം നിലവിൽ വന്നതിനുശേഷം മദ്യത്തിന്റെ ഉപഭോഗത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ വർദ്ധനവ് എത്രയാണെന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) | വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ചതോ തുറന്ന് പ്രവർത്തിച്ചതോ ആയ എത്ര മദ്യവിൽപ്പനശാലകൾ ഉണ്ട്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിക്കുകയും തുറന്ന് പ്രവർത്തിച്ചു വന്നതുമായ മദ്യശാലകളുടെ എണ്ണം 68 ആണ്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് പുതിയതായി ആരംഭിച്ചതോ തുറന്നു പ്രവർത്തിച്ചതോ ആയ എത്ര ബാറുകൾ ഉണ്ട്; | (സി) | ഈ സർക്കാരിന്റെ കാലത്ത് പുതിയതായി ആരംഭിച്ചതും തുറന്നു പ്രവർത്തിച്ചതുമായ 260 ബാറുകളാണുള്ളത്. |
| (ഡി) | മദ്യവില്പനശാലകളുടെയും ബാറുകളുടെയും എണ്ണത്തിലുണ്ടായ വർദ്ധനവാണ് മദ്യ ഉപഭോഗത്തിൽ വർദ്ധനവുണ്ടാകാൻ ഇടയാക്കിയതെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഈ വർദ്ധനയ്ക്ക് എന്താണ് കാരണമെന്ന് അറിയിക്കുമോ? | (ഡി) | 2017 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കെ.എസ്.ബി.സി. യുടെ മദ്യവില്പനയും മുൻ വർഷത്തെ ഇതേ കാലയളവിലുള്ള മദ്യവില്പനയും താരതമ്യം ചെയ്തതിൽ മദ്യ ഉപഭോഗത്തിൽ കുറവാണുണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ